# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 21.10.2011-ൽ
ചോദ്യം നമ്പർ : 4928 | മറുപടിക്ക്.

## പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി സമീപന രേഖ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. കെ. ശിവദാസൻ നായർ :<br>ശ്രീ. എ.റ്റി. ജോർജ് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും<br>നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ സമീപന രേഖയിൽ വ്യവസായ- ഐ.ടി മേഖലകൾക്ക് എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടിട്ടുള്ളത് ; | (എ) വിവരം ശേഖരിച്ചുവരുന്നു. |
| (ബി) നിക്ഷേപങ്ങൾ ആകർഷിക്കുന്നതിന് ഏതെല്ലാം സമഗ്ര പദ്ധതികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത് ; | (ബി) കേരളത്തിൽ കൂടുതൽ വ്യവസായിക നിക്ഷേപം കൊണ്ടുവരുന്നതിനും കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും വ്യവസായ, ഐ.ടി, ടൂറിസം, സെസ്സ്, തൊഴിൽ നയങ്ങൾ രൂപീകരിച്ചു വരുന്നു. ഇന്ത്യയ്ക്കകത്തും പുറത്തും വിവിധ മേഖലയിലെ നിക്ഷേപകരെ ആകർഷിക്കുന്നതിനു വേണ്ടി വ്യവസായ നിക്ഷേപ സംഗമങ്ങൾ നടത്താനുള്ള പദ്ധതികൾ ആവിഷ്കരിച്ചു വരികയാണ്. പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പിലൂടെ കൂടുതൽ പദ്ധതികൾ സംസ്ഥാനത്ത് കൊണ്ടുവരുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. കൂടാതെ ഏകജാലക ക്ലിയറൻസ് സംവിധാനം കാര്യക്ഷമമാക്കുന്നതു വഴി വൻകിട പദ്ധതികൾ പ്രോൽസാഹിപ്പിക്കാൻ സർക്കാർ വിഭാവനം ചെയ്യുന്നു. |
| (സി) ഇതിന് സഹായകരമാകുന്ന രീതിയിൽ 'എമർജിംഗ് കേരള പദ്ധതി'-യെ പ്രയോജനപ്പെടുത്തുമോ ? | (സി) വ്യവസായ സൗഹൃദപരമായ ഒരു സംസ്ഥാനമാക്കി കേരളത്തെ എടുത്തുകാണിക്കുവാനാണ് 'എമർജിംഗ് കേരള' എന്ന ആഗോള സംഗമം നടത്തുന്നത്. എമർജിംഗ് കേരള എന്ന നിക്ഷേപക സംഗമം എല്ലാ രണ്ട് വർഷത്തിലൊരിക്കലും നടത്താനാണുദ്ദേശിക്കുന്നത്. കേരളത്തിനുള്ള നിക്ഷേപ സാദ്ധ്യതകൾ ലോകത്തിന്റെ മുൻപിൽ അവതരിപ്പിക്കാനുള്ള ഒരു അവസരമായാണ് ഈ സംരംഭത്തെ കണക്കാക്കുന്നത്. |

**സെക്ഷൻ ഓഫീസർ**